## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 763** **29.11.2018 -ൽ മറുപടിയ്ക്ക്**

ചങ്ങനാശ്ശേരി മനയ്ക്കച്ചിറയിലെ ടൂറിസം വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.എഫ്.തോമസ് : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ചങ്ങനാശ്ശേരി മനയ്ക്കച്ചിറയിൽ നടപ്പിലാക്കിയ ടൂറിസം വികസന പദ്ധതി പൂർണ്ണമാകാത്തത് മൂലം വിദേശ - ആഭ്യന്തര ടൂറിസ്റ്റുകളെ അവിടേയ്ക്ക് ആകർഷിക്കാൻ കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | എ) & ബി) | ഉണ്ട് |
| ബി) | പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണം നടക്കാത്തതിനാൽ , മുൻപ് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ കാലപ്പഴക്കം മൂലം തകർന്നുകൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| സി) | ഇക്കാര്യത്തിൽ കോട്ടയം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; | സി) & ഡി) | മനയ്ക്കച്ചിറ ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടമെന്നോണം മനയ്ക്കച്ചിറ സൗന്ദര്യവത്കരണം, കോമ്പൗണ്ട് വാൾ, മഴക്കൂടാരങ്ങളുടെ പുനരുദ്ധാരണം തുടങ്ങിയവ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനായി കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് എന്ന ഏജൻസിയെക്കൊണ്ട് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഇറിഗേഷൻ വകുപ്പിൽ നിന്ന് എൻ. ഒ. സി ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിക്ക് അംഗീകാരം നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്. |
| ഡി) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ